**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3591** **02-03-2023 - ൽ മറുപടിയ്ക്ക്**

**ചികിത്സാസഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിൽ ലഭിച്ച അപേക്ഷകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ലഭിച്ച ആകെ അപേക്ഷകൾ, സഹായം അനുവദിച്ച അപേക്ഷകൾ, ഇനി സഹായം അനുവദിക്കാനുള്ള അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ എന്നിവയുടെ എണ്ണം വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലിക്ക് ലഭിച്ച അപേക്ഷകളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ ഏതെങ്കിലും നിരസിച്ചിട്ടുണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലിക്ക് ലഭിച്ച അപേക്ഷകളുടെ വിശദ വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഒറ്റപ്പാലം മണ്ഡലത്തിൽ നിന്നും ചികിത്സാ സഹായത്തിനായി സാമൂഹ്യ സുരക്ഷാ മിഷനിലേക്ക് ലഭിച്ച ആകെ അപേക്ഷകൾ, സഹായം അനുവദിച്ച അപേക്ഷകൾ, ഇനി സഹായം അനുവദിക്കാനുള്ള അപേക്ഷകൾ, നിരസിച്ച അപേക്ഷകൾ എന്നിവയുടെ എണ്ണം സംബന്ധിച്ച വിശദാംശം ങ്ങൾ ചുവടെ ചേർക്കുന്നു.

<u>ശ്രുതി തരംഗം പദ്ധതി</u>

ശ്രുതിതരംഗം പദ്ധതിയിലേക്ക് 4 അപേക്ഷയും ധ്വനി പദ്ധതിയിലേക്ക് 1 അപേക്ഷയും ലഭിക്കുകയുണ്ടായി.ശ്രുതി തരംഗം പദ്ധതിയിലേക്ക് ലഭിച്ച 4 അപേക്ഷകളും പരിഗണിച്ചു സഹായം അനുവദിച്ചിട്ടുണ്ട്.ധ്വനി പദ്ധതിയിൽ പദ്ധതി മാനദണ്ഡ പ്രകാരമല്ലാത്ത അപേക്ഷയാണ് നിരസിച്ചിട്ടുള്ളത്.

<u>ആശ്വാസകിരണം പദ്ധതി</u>

ആശ്വാസകിരണം പദ്ധതിയിൽ ഒറ്റപ്പാലം മണ്ഡലത്തിൽ ആകെ 642 അപേക്ഷകരുണ്ട്. അതിൽ, ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ വിവരങ്ങൾ ലഭ്യമാക്കിയ 315 ഗുണഭോക്താക്കൾക്ക് ധനസഹായം അവരുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്തു. ടി മണ്ഡലത്തിലെ ബാക്കിയുള്ള അപേക്ഷകർ ലൈഫ് സർട്ടിഫിക്കറ്റ്, ബാങ്ക്, ആധാർ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ആനുകൂല്യത്തിനായി പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല. 2018 മാർച്ച് മാസത്തിനു ശേഷം ലഭിച്ച അപേക്ഷകൾ താലൂക്ക് അടിസ്ഥാനപ്പെടുത്തി ഒറ്റപ്പാലം മണ്ഡലത്തിലെ ഇനി സഹായം അനുവദിക്കാനുള്ള അപേക്ഷകളുടെ എണ്ണം , നിരസിച്ച അപേക്ഷകളുടെ എണ്ണം എന്നിവ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതാണ്.

<u>സമാശ്വാസം പദ്ധതി</u>

പുതിയ അപേക്ഷകളൊന്നും പരിഗണിച്ചു തുടങ്ങിയിട്ടില്ല.

<u>വി കെയർ പദ്ധതി</u>

നിലവിൽ വീ കെയർ പദ്ധതിയിൽ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമല്ല. ജില്ല തിരിച്ചാണ് അപേക്ഷയുടെ വിശദാംശങ്ങൾ സൂക്ഷിച്ചിട്ടുള്ളത് . ആയതിനാൽ,

പാലക്കാട് ജില്ലയിൽ നിന്നും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ആകെ അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിക്കാനുള്ള അപേക്ഷകളുടെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| 65 | 18 | 42 | 5 |

പദ്ധതി മാനദണ്ഡങ്ങൾ പാലിക്കാത്ത അപേക്ഷകളാണ് നിരസിച്ചത്.

**<u>മിഠായി പദ്ധതി</u>**

മിഠായി പദ്ധതിയിൽ മണ്ഡലം തിരിച്ചുള്ള കണക്കു ലഭ്യമല്ല . പാലക്കാട് ജില്ലയിലെ കണക്കു ചുവടെ ചേർക്കുന്നു

| ആകെ അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം | ധനസഹായം അനുവദിക്കാനുള്ള അപേക്ഷകളുടെ എണ്ണം | നിരസിച്ച അപേക്ഷകളുടെ എണ്ണം |
|---|---|---|---|
| 45 | 32 | 12 | 1 |

വാർഷിക വരുമാനം പദ്ധതി മാനദണ്ഡ പ്രകാരമുള്ള പരിധിയിൽ നിന്നും പുറത്തു പോയതിനാലാണ് 1 അപേക്ഷ നിരസിച്ചത്